**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4194** **18-07-2022 - ൽ മറുപടിയ്ക്ക്**

**നിയമ വകുപ്പിലെ ജീവനക്കാർക്ക് പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | നിയമ നിർമ്മാണത്തിനായി ഭരണഘടനാപരമായ വിഷയങ്ങൾ ഉൾപ്പെടെ പരിശോധിച്ച് ബില്ലാക്കി നിയമസഭയിൽ എത്തിക്കുന്ന നിയമ വകുപ്പിലെ ജീവനക്കാർക്ക് കാലോചിതമായി പരിശീലനം നൽകാറുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | പരിശീലനം നൽകാറുണ്ട്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ന്യൂഡൽഹിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലെജിസ്ലേറ്റീവ് ഡ്രാഫ്റ്റിംഗ് & റിസർച്ച്, ബ്യൂറോ ഓഫ് പാർലമെൻററി സ്റ്റഡീസ് & ട്രെയിനിംഗ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ് മെന്റ് ഇൻ ഗവണ്മെന്റ്, കേരള, എന്നീ സ്ഥാപനങ്ങൾ മുഖേന നിയമ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിയമ നിർമ്മാണത്തിൽ പരിശീലനം നൽകി വരുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം നിയമവകുപ്പിനു പരിശീലനങ്ങൾക്കായി 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ 10 ലക്ഷം രൂപ ഗവണ്മെന്റ് പ്ളീഡർമാരുടെ പരിശീലനത്തിനായും ബാക്കി 10 ലക്ഷം രൂപ വകുപ്പുതല പരിശീലനത്തിനുമായാണ് വിനിയോഗിക്കുന്നത്. 2022 ജൂലൈ 15 നു പരിശീലന പരിപാടി ആരംഭിക്കുകയാണ്. |
| (ബി) | അസിസ്റ്റൻറ് മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ള എത്രപേർക്കാണ് ഇത്തരം പരിശീലനം നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ? | (ബി) | നിലവിൽ നിയമവകുപ്പിലെ അസിസ്റ്റന്റ് മുതൽ സ്പെഷ്യൽ സെക്രട്ടറിവരെയുള്ള തസ്തികകളിൽ ജോലിചെയ്യുന്നവരിൽ 29 പേർ ഇത്തരം പരിശീലനം ലഭിച്ചിട്ടുള്ളവരാണ് .ഇവരിൽ നിയമവകുപ്പിലെ 2സ്പെഷ്യൽ സെക്രട്ടറിമാരും 7 അഡീഷണൽ നിയമ സെക്രട്ടറിമാരും, 2 ജോയിന്റ്സെക്രട്ടറിമാരും 10 ഡെപ്യൂട്ടി സെക്രട്ടറിമാരും 2 അണ്ടർ സെക്രട്ടറിമാരും, 5 സെക്ഷൻ ഓഫീസർമാരും ഒരു അസിസ്റ്റന്റും ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ